(ബി) ജൻറം പദ്ധതി പ്രകാരം പുതിയ ബസ്സുകൾ ലഭിക്കുന്നതിനും ടി ബസ്സുകളുടെ സർവ്വീസ് നടത്തിപ്പിനും പരിപാലനത്തിനുമായി ഒരു പ്രത്യേക "സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ" രൂപീകരിക്കണമെന്ന കേന്ദ്ര സർക്കാർ നിബന്ധനയുള്ളതിനാലാണ് പുതിയതായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.യു.ആർ.ടി.സി.) രൂപീകരിച്ചത്.

(സി) കെ.യു.ആർ.ടി.സി.-ക്കായി പ്രത്യേക ഭരണ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള കെ.എസ്.ആർ.ടി.സി. ബോർഡ് അംഗങ്ങളിൽ തൊഴിലാളി പ്രതിനിധിയായ ഭരണസമിതി മെമ്പർ ഒഴികെ എല്ലാവരും കെ.യു.ആർ.ടി.സി.-യിലും ഭരണസമിതി അംഗങ്ങളാണ്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയും ടി ഭരണസമിതി അംഗമാണ്. കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥർ കെ.യു.ആർ.ടി.സി.-യുടെയും ഉന്നത ഉദ്യോഗസ്ഥരാണ്. കെ.യു.ആർ.ടി.സി.-യുടെ കേന്ദ്ര ഓഫീസ് എറണാകുളത്തെ തേവരയിലാണ് പ്രവർത്തിക്കുന്നത്. ടി ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ ഒരു സ്പെഷ്യൽ ഓഫീസറുടെ ചുമതലയിൽ അനുബന്ധ ഉദ്യോഗസ്ഥരിലൂടെ നടത്തിവരുന്നു. യൂണിറ്റതല സർവ്വീസ് ഓപ്പറേഷൻ നടത്തുന്നത് കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരിലൂടെയാണ്. വരവ്-ചെലവ് കണക്കുകൾ പ്രത്യേകമായി എടുക്കുന്നു. പ്രത്യേകം ബാങ്ക് അക്കൗണ്ടിലാണ് പണം അടയ്ക്കുന്നത്. കമ്പ്യൂട്ടർ വഴിയുള്ള റിസർവേഷൻ, വെബ്സൈറ്റ് എന്നിവയും പ്രത്യേകമാണ്.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ ഗതാഗത പദ്ധതികൾ

386 (364) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗതാഗത വകുപ്പ് തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

തിരൂർ നിയമസഭാമണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതി	ചെലവഴിച്ച തുക
1.	ഡ്രൈവിംഗ് ടെസ്റ്റിന് മുന്നോടിയായി നൽകുന്ന പരിശീലനം	2,82,640
2.	സ്കൂൾ വാഹനമോടിക്കുന്ന ഡ്രൈവർമാർക്കുള്ള പരിശീലനം	19,750
3.	കുട്ടികൾക്കുള്ള ട്രാഫിക് ബോധവൽക്കരണ പരിശീലനം	5,500
4.	ഡ്രൈവിംഗ് സ്കൂൾ പരിശീലകർക്കുള്ള പരിശീലനം	8,500
5.	ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള പരിശീലനം	16,60,777
6.	സ്വകാര്യവാഹനങ്ങളുടെ ഡ്രൈവർമാർക്കുള്ള പരിശീലനം	20,000
	ആകെ തുക	19,97,167

ഇടുക്കി നിയോജക മണ്ഡലത്തിലെ പുതിയ ദീർഘദൂര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

387 (365). ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ ഇതുവരെ കെ.എസ്.ആർ.ടി.സി.യുടെ എത്ര പുതിയ സർവ്വീസുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ദീർഘദൂര സർവ്വീസുകൾ ഉണ്ടെന്നും ഏതെല്ലാം റൂട്ടുകളിലാണ് സർവ്വീസ് ക്രമീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ദീർഘദൂര സർവ്വീസിൽ പ്രതിദിന കളക്ഷൻ എത്രവീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14 സർവ്വീസുകൾ അനുവദിച്ചു

(ബി&സി) 11 ദീർഘദൂര സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly